**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**www.ksad.kerala.gov.in**

# പനങ്ങാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

**e-mail:dokkd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി./8/130/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്-20

ഇ-മെയിൽ - dokkd.ksad@kerala.gov.in

ഫോൺ - 0495 2371012

തീയ്യതി 05.02.2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പനങ്ങാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പനങ്ങാട് ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തിലെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>പകർപ്പ്</u> :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി. പി./8/130/2020 തീയ്യതി 05.02.2020.

**കോഴിക്കോട് ജില്ലയിലെ പനങ്ങാട്ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 23.12.2018 മുതൽ 16-01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.01.2020 മുതൽ 25.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മോഹൻ കുന്നംമനക്കൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷിനിത്ത്. എ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഡാനിഷ്.എ.ഇസഡ് | ഓഡിറ്റർ |
| | ശ്രീ. അഫ്സൽ ടി.എം. | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. വി.എം. കമലാക്ഷി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. അബ്ദു റഹീം. കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. സെക്രട്ടറി | ശ്രീ. ഒ.പി.രാധാകൃഷ്ണൻ | 01.04.2018മുതൽ 31.03.2019വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. മനോജ്.പി.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | Dr.എ.ജെ.ജോയ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | Dr. മുഹമ്മദ് റാഷിദ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡി.ഓഫീസർ (ആയുർവ്വേദം) | Dr.ടി.കെ. മുഹമ്മദ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (പനങ്ങാട് സർക്കിൾ) | ശ്രീമതി. സിന്ധു | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (തലയാട് സർക്കിൾ) | ശ്രീ. ലിജേഷ്.കെ.രാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. രജീഷ് കുമാർ.സി | 01.04.2018 മുതൽ 06.06.2018 വരെ |
| | ശ്രീ. രഞ്ജു സുരേന്ദ്രൻ | 07.06.2018 മുതൽ 09.07.2018 വരെ |
| | ശ്രീ. ശിവപ്രസാദ് | 10.07.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ജീജ.കെ എം | 01.04.2018 മുതൽ 13.06.2018 വരെ |
| | ശ്രീമതി. ഹിത.എം | 14.06.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. മുഹമ്മദ് ഇക്ബാൽ | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ സത്യൻ യൂ എം | 01.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | Dr. കെ. അബ്ബാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| | Dr. അനൂപ് കൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പ്രസന്ന.പി | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| | **ഭാഗം-1**<br>**ഓഡിറ്റ് റിപ്പോർട്ട്** | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | ക്യാഷ് പരിശോധന | 1-4 |
| 5 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | വാർഷികകണക്കുകളിലെ അപാകതകൾ | 1-7 |
| 8 | വസ്തു നികുതി നിർണയത്തിലെ അപാകതകൾ പരിഹരിച്ചത് | 1-8 |
| 9 | 15 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ | 1-9 |
| 10 | കെട്ടിടങ്ങളുടെ വിസ്തൃതി രേഖപ്പെടുത്തിയതിലെ അപാകതകൾ -സംബന്ധിച്ച് | 1-10 |
| 11 | തൊഴിൽനികുതി അപാകതകൾ | 1-11 |
| 12 | സൈഡ് വീൽ സ്കൂട്ടർ വാങ്ങിയതിലെ അപാകത | 1-12 |

| | | |
|---|---|---|
| 13 | എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം -പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല. | 1-13 |
| 14 | സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കി തുക നല്കിയില്ല. -തൻവർഷത്തെ വികസന പ്രവൃത്തികൾക്കുള്ള പണം നഷ്ടമാകുന്നു. | 1-14 |
| 15 | മരാമത്ത് പ്രവൃത്തി ഫയലുകളുടെ സൂക്ഷിപ്പിലെ അപാകത | 1-15 |
| 16 | പുഴ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തൽ - സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടില്ല | 1-16 |
| 17 | നിർവ്വഹണ ഉദ്യോഗസ്ഥൻ നിയമാനുസൃത രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-17 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -അപാകത | 1-18 |
| 19 | നിരതദ്രവ്യം ഫയലിൽ സൂക്ഷിക്കുന്നു. | 1-19 |
| 20 | നീക്കം ചെയ്ത തെരുവു വിളക്കുകൾ/ ഭാഗങ്ങൾ കൈയ്യൊഴിയാത്തത് സംബന്ധിച്ച് | 1-20 |
| 21 | 2018-19 വാർഷിക പദ്ധതി ആസൂത്രണം, നിർവ്വഹണം - സ്റ്റാന്റിങ്ങ് കമ്മിറ്റികൾ, വർക്കിങ്ങ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം | 1-21 |
| 22 | ലൈഫ് ഭവനപദ്ധതി പ്രവർത്തന പുരോഗതി | 1-22 |
| 23 | ഹരിത കേരളം -പദ്ധതി അവലോകനം | 1-23 |
| | **ഭാഗം-4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 24 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 25 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 26 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 28 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 29 | സ്ഥിര നിക്ഷേപം | 4-6 |
| 30 | ഓഡിറ്റ് റിക്കവറി | 4-7 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 32 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


# ഭാഗം -1

## പൊതു അവലോകനം

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

2018-19 ലെ ബജറ്റ് 27-03-2018 തീയതിയിലെ 01/(2) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 04-02-2019 ലെ 1(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 23430187 | 23430187 | 23430187 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 11155000 | 11155000 | 11155000 | 0 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 920000 | 920000 | 920000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5020000 | 5020000 | 5020000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4776000 | 4776000 | 4489507 | 286493 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10876000 | 10876000 | 10876000 | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 57448828 | 57448828 | 57448828 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1221750 | 15089349 | 16311099 | 16302811 | 8288 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 589352 | 2450000 | 3039352 | 989037 | 2050315 |
| | ജില്ലാ പഞ്ചായത്ത് | 335823 | 3168375 | 3504198 | 3504198 | 0 |

## 1-3 പദ്ധതി അവലോകനം

2018-19 വർഷം ആകെ 207പ്രോജക്ടുകൾക്കാണ് ആസൂത്രണ സമിതി അംഗീകാരം നല്കിയിട്ടുള്ളത്. വിവിധ മേഖലകളിൽ വകയിരുത്തിയതിന്റെയും ചെലവിന്റെയും വിവരം താഴെ ചേർക്കുന്നു.

| മേഖല | ജനറൽ | | എസ്.സി.പി | | ടി.എസ്.പി | |
|---|---|---|---|---|---|---|
| | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| ഉല്പാദനം | 11252883 | 8581937 | 15000 | 15000 | 220000 | 220000 |
| സേവനം | 72565607 | 45002395 | 25438366 | 14397324 | 3917965 | 717940 |

| | | | | | | |
|---|---|---|---|---|---|---|
| പശ്ചാത്തലം | 64677550 | 32970379 | 1144207 | 552141 | 200000 | 200000 |
| ആകെ | 148496040 | 86554711 | 26597573 | 14964465 | 4337965 | 1137940 |

ആകെ 207 പ്രൊജക്ടുകളിൽ 54 എണ്ണം സ്പിൽ ഓവറുകളാണ്. സ്പിൽ ഓവർ പ്രൊജക്ടുൾ രണ്ടെണ്ണം ഒഴിച്ച് ബാക്കി മുഴുവൻ നടപ്പാക്കിയിട്ടുണ്ട്. ആകെ 178 എണ്ണമാണ് നടപ്പാക്കിയിട്ടുള്ളത് (86%). ഉല്പാദന മേഖലയിലെ 4ഉം സേവന മേഖലയിലെ 12ഉം പഞ്ചാത്തല മേഖലയിലെ 13ഉം അടക്കം ആകെ 29 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ല.

തൻവർഷത്തെ 86 ശതമാനം പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ആയതിനാൽത്തന്നെ ബജറ്റ് അലോക്കേഷൻ പ്രകാരം ഗ്രാമപഞ്ചായത്തിന് തൻവർഷം അനുവദിച്ച ഗ്രാന്റ് തുകയിൽ 99.48 ശതമാനവും വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്. വികസന ഫണ്ട് (ജനറൽ) -813രൂപ, സംരക്ഷണ ഗ്രാന്റ് (റോഡിതരം) - 286493 രൂപ എന്നിങ്ങനെ ആകെ 287306 രൂപ മാത്രമാണ് ഈയിനത്തിൽ വിനിയോഗിക്കാത്തത് കാരണം ലാപ്സായത്. സർക്കാർ ഗ്രാന്റ് തുക വിനിയോഗ വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം<br>1 | ബജറ്റ് അലോക്കേഷൻ<br>2 | പ്രൊജക്ട് വകയിരുത്തൽ<br>3 | ചെലവ്<br>4 | ലാപ്സ് തുക<br>5(2-4) |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 23431000 | 27532803 | 23430187 | 813 |
| വികസന ഫണ്ട് (എസ്.സി.പി) | 11155000 | 13727258 | 11155000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 920000 | 920025 | 920000 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ | 10876000 | 15659529 | 10876000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 5020000 | 7047098 | 5020000 | 0 |
| സംരക്ഷണ ഗ്രാന്റ് ( റോഡിതരം) | 4776000 | 5729988 | 4489507 | 286493 |
| | 56178000 | 70616701 | 55890694 | 287306 |

2016-17, 2017-18 വർഷങ്ങളിൽ കരാർവെച്ച് പൂർത്തിയാക്കേണ്ടിയിരുന്ന മരാമത്ത് പ്രവൃത്തികൾക്ക് 2018-19 വർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നും 8461651 രൂപ ചെലവ് ചെയ്യേണ്ടിവന്നിട്ടുണ്ട്. ഇത് 2018-19 വർഷം വിവിധ വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊജക്ടുകൾ വിഭാവനം ചെയ്യുന്നതിന് തടസ്സമാകുകയും വികസനപ്രവർത്തനങ്ങൾ മന്ദീഭവിക്കുകയും ചെയ്യും. അപാകത തുടർ വർഷങ്ങളിലും ആവർത്തിക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷാരംഭത്തിൽ ത്തന്നെ ഡി.പി.സി അംഗീകാരം ലഭിക്കുന്നതിനാൽ നിർവ്വഹണവുമായി ബന്ധപ്പെട്ട തുടർ നടപടികൾക്കും ബിൽ അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ സാഹചര്യമുണ്ട്. പ്രൊജക്ടുകളുടെ ആധിക്യം, സാമ്പത്തിക വർഷാന്ത്യത്തിലുള്ള കരാർ ചമയ്ക്കൽ, തുടർനടപടികൾ സ്വീകരിക്കൽ എന്നീ കാരണങ്ങളാലാണ് പ്രവൃത്തി പൂർത്തീകരണവും ബില്ലുകൾ നല്കലും യഥാസമയം നടക്കാത്തത് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. അപാകത

ആവർത്തിക്കാതിരിക്കാതെ ഒരോ വർഷത്തെയും വികസന പ്രവർത്തനങ്ങൾക്കുള്ള തുക അതാത് വർഷം തന്നെ ഉപയോഗപ്പെടുത്തുന്നു എന്നും ഉറപ്പു വരുത്തേണ്ടതുണ്ട്.

## 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2020 ന് സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1245/- രൂപയുടെ കൃഷ് ബാലൻസ് ഉണ്ടായിരുന്നു. ഇതിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-5 ആഭ്യന്തര നിയന്ത്രണം

കൂട്ടായ പ്രവർത്തനത്തിലൂടെ ലക്ഷ്യപ്രാപ്തി ആവശ്യപ്പെടുന്ന സംഗതികളിൽ ആധുനിക മാനേജ്മെന്റ് തത്വങ്ങളുടെ ഫലപ്രദമായ പ്രയോഗം ആവശ്യമാണ്. ആസൂത്രണം, സംഘാടനം, സംവിധാനം, ഏകോപനം, നിയന്ത്രണം എന്നീ മാനേജ്മെന്റ് തത്വങ്ങൾ ബിസിനസ് സ്ഥാപനങ്ങളിലെന്നപോലെ ഇതരസ്ഥാപനങ്ങളുടെയും പ്രവർത്തന വിജയത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സമഗ്രമായ വികസന പ്രവർത്തനങ്ങങ്ങൾക്കുള്ള പ്രൊജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്. ഇതിനു പുറമെ പൊതുജനങ്ങൾക്കുള്ള സേവന പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ വഴി നല്കി വരുന്നു. ഗ്രാമസഭകൾ, വർക്കിങ് ഗ്രൂപ്പുകൾ, സ്റ്റാന്റിങ് കമ്മിറ്റികൾ, ഭരണസമിതി, നിയമപരമായി പ്രവർത്തിക്കുന്ന മറ്റ് സമിതികൾ ഗ്രാമ പഞ്ചായത്തിലെ ഉദ്യോഗസ്ഥ സംവിധാനം എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിന്റെ വികസന /സേവന പ്രവർത്തനങ്ങൾ ലക്ഷ്യം കാണുന്നത്. നിയമപരമായും അല്ലാതെയും സൂക്ഷിക്കപ്പെടേണ്ട രേഖകളുടെ /രജിസ്റ്ററുകളുടെ ഇൻഡക്സിങ് സമ്പ്രദായത്തിലും ഡിജിറ്റൽ സാങ്കേതിക വിദ്യയനുസരിച്ചുമുള്ള സൂക്ഷിപ്പ്, പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന നൂതന ആശയങ്ങൾ ആവിഷ്ക്കരിക്കൽ, ജീവനക്കാർക്ക് കാര്യക്ഷമവും കാലോചിതവുമായ പരിശീലനം ലഭ്യമാക്കൽ, ഉദ്യോഗസ്ഥ സംഘടനാ സംവിധാനത്തിലെ ഫലപ്രദമായ ആശയവിനിമയം ഉറപ്പുവരുത്തൽ തുടങ്ങിയവയൊക്കെ ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ സൂചകങ്ങളാണ്. ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെന്ന് ഇത് സംബന്ധിച്ച പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടവ താഴെ ചേർക്കുന്നു.

1.ഗ്രാമ പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകൾ/രേഖകൾ /ഫയലുകൾ എന്നിവയുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

2. സെക്രട്ടറി ഉൾപ്പെടെ 15 സ്ഥിരം ജീവനക്കാരാണ് ഗ്രാമപഞ്ചായത്തിലുള്ളത്. കരാർ ജീവനക്കാർ പാർട്ട് ടൈം ജീവനക്കാർ എന്നിവരുൾപ്പെടെ 26 ജീവനക്കാർ സ്ഥാപനത്തിലുണ്ട്. ജീവനക്കാരുടെ അധികാരങ്ങൾ, ഉത്തരവാദിത്തങ്ങൾ എന്നിവ വിശദമായി നിർണ്ണയിച്ചുകൊണ്ട് 1.8.18 ലെ ബി1/867/2018 നം. ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹാജർപട്ടിക, കാഷ്വൽ ലീവ് രജിസ്റ്റർ, തപാൽ വിതരണ രജിസ്റ്റർ എന്നിവ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്.

3. എല്ലാ മാസവും ഓഫീസ് മീറ്റിങ് നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തുകയും ആവശ്യമായ തിരുത്തൽ/ അധിക നിർദ്ദേശങ്ങൾ നല്കിവരികയും ചെയ്യുന്നു. പ്രത്യേക മിനുട്സ് രജിസ്റ്റർ

സൂക്ഷിച്ചിട്ടുണ്ട്.

4.ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ മാനദണ്ഡപ്രകാരം, ജീവനക്കാരുടെ ക്വാളിറ്റി സർക്കിൾ രൂപീകരിക്കുകയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന മികവിനായി ശുപാർശ ചെയ്ത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ, ജീവനക്കാർക്ക് പരിശീലനം നല്കുന്നതിന് വിദഗ്ദരായ ജീവനക്കാരെ ഉപയോഗപ്പെടുത്തി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു. ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായുള്ള പരിശീലന ക്ലാസ്സുകൾ 29.9.18 മുതൽ നാളിതുവരെയായി 12 പ്രാവശ്യം നടന്നു.

5. ക്വാളിറ്റി സർക്കിൾ ശുപാർശ പ്രകാരം തന്നെ, നൂതന ആശയങ്ങൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെട്ടിടനികുതി പിരിവിനുള്ള ഔട്ട് ഡോർ ക്യാമ്പിന്റെ മാതൃകയിൽ വ്യാപാരികളിൽ നിന്നുള്ള ഡി ആന്റ് ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി പിരിവിന് പ്രത്യേക ക്യാമ്പുകൾ 2018-19 വർഷം മുതൽ നടത്തിയത് മാതൃകാപരവും വരവിനങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്ന നടപടിയുമാണ്.

6. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും മാനസികമായും ശാരീരികമായും സ്ഥാപനത്തിൽ തൊഴിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ' Briefing and Daily monitoring ' എന്ന പേരിൽ ജീവനക്കാരുടെ ഒരു പ്രതിദിന കൂടിച്ചേരൽ ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്നത് മാതൃകാപരവും ശ്ലാഘനീയവുമാണ്. എല്ലാ ദിവസവും രാവിലെ 10.05 ന് നടക്കുന്ന എല്ലാ വിഭാഗം ജീവനക്കാരുടെയും ഈ ഒത്തുചേരലിൽ കുടിശ്ശിക ഫയലുകൾ, അടിയന്തിര പ്രാധാന്യമുള്ള ഫയലുകൾ എന്നിവ തീർപ്പാക്കുന്നതിലും പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ഉറപ്പാക്കുന്നതിലുമുണ്ടാകുന്ന പ്രായോഗിക പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുകയും കൂട്ടായ പ്രവർത്തനത്തിലൂടെ പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. ജീവനക്കാർ തൊഴിൽ സ്ഥലത്ത് നേരിടുന്ന പ്രായോഗിക/മാനസിക പ്രയാസങ്ങൾ ചർച്ച ചെയ്യപ്പെടുന്നതിലൂടെ തൊഴിൽ സൗഹൃദാന്തരീക്ഷത്തിൽ ജോലിചെയ്യാൻ ജീവനക്കാർക്ക് സാധിക്കും. ആഭ്യന്തരനിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിന് ഇത്തരം സമീപനം സഹായിക്കും ഭരണസമിതിയുടെ പിന്തുണ ജീവനക്കാർ തന്നെ ഓഡിറ്റ് വേളയിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്..

എന്നിരിക്കിലും ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് ഇനിയും നടപടികൾ സ്വീകരിക്കേണ്ടത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സ്ഥാപനത്തിലെ ആസ്തി രജിസ്റ്ററിൽ ആർജ്ജിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം, മറ്റ് വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഉദാഹരണമായി ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രത്യേക മാർഗ്ഗ നിരദ്ദേശങ്ങളുണ്ടെങ്കിലും ആയതിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടല്ല സ്ഥാപനത്തിൽ പർച്ചേസ് നടത്തുന്നത് (ഖണ്ഡിക 1-12 കാണുക). റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കി പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ബോധപൂർവ്വമായ നടപടികൾ സ്വീകരിച്ചിട്ടുള്ളത് ശ്ലാഘനീയമാണ്. മറ്റ് അപാകതകൾ കൂടി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-12-19 | 11/19 | No-PAU BLY/PAT2/PNG/11/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.05.2001 | 1997-98- 99-2000 | Spl cell(H2)/1A/BA168/269തീയതി 07.10.2014 |

## 1-7 വാർഷികകണക്കുകളിലെ അപാകതകൾ

പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഇനിയും പരിഹരിക്കാത്ത അപാകതകൾ. താഴെ ചേർക്കുന്നു

1. ലൈബ്രറി സെസ്സ് ഇനത്തിലെ ബാലൻസ് തുക പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകത താഴെ ചേർക്കുന്നു.

| 2017-18 ലെ ബി.9 പ്രകാരമുള്ള ബാലൻസ് | 2018-19ലെ ആർ.പി. 36 പ്രകാരമുള്ള വരവ് | ആകെ | 2018-19 ലെ ആർ.പി. 36 പ്രകാരമുള്ള തിരിച്ചടവ് | ബാലൻസ് |
|---|---|---|---|---|
| 160087 | 154174 | 314261 | 230889 | 83372 |

എന്നാൽ 2018-19 വർഷത്തെ ബി.9 പ്രകാരമുള്ള ബാലൻസ് 86486 ആണ് 3114 രൂപയുടെ വ്യത്യാസം കാണുന്നു.

2. 2017-18 ലെ വാർഷിക ധനകാര്യ പത്രികയുടെ കൂടെ സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കിയിട്ടില്ല.

3. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ (1-17(a)) ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല എന്ന് പരിശോധനയിൽ കണ്ടെത്തി.

## 1-8 വസ്തു നികുതി നിർണയത്തിലെ അപാകതകൾ പരിഹരിച്ചത്

1)വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം
സംഭവിക്കുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന,100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിൽ നിന്നും, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ

നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധക മാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) +ലൈബ്രറി സെസ്സ്) (വഴി സൗകര്യം 20%വർദ്ധനവ്, മേൽക്കൂര ഇളവ് 10% എന്നിവ അടക്കം) | ബാധക മാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) +ലൈബ്രറി സെസ്) (വഴി സൗകര്യം 20%വർദ്ധനവ്, മേൽക്കൂര ഇളവ് 10%എന്നിവ അടക്കം) | നഷ്ടം |
|---|---|---|---|---|---|---|
| മുഹമ്മദ്.ഇ.കെ, എഴുകണ്ടി, കിനാലൂർ, (നികുതി പ്രാബല്യത്തിൽ വരുന്ന തിയതി- 2018ഒന്നാം അർദ്ധവർഷം മുതൽ) | 178.07 | 30 | **5877+294 =6171** | 50 | **9794+490 =10284** | **3917+196 Total=4113** |

മേൽ അപാകതക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകി (നം 6 തിയതി 23-01-2020). ഇതിനെ തുടർന്ന് കെട്ടിടമുടമയോട് നഷ്ടം ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു. നഷ്ട തുകയായ 4113/- രൂപ പഞ്ചായത്തിൽ അടവാക്കിയതിന്റെ രസീതി മറുപടിയോടൊപ്പം സമർപ്പിച്ചു. (രസീതി നം 119040105051 തിയതി 24-01-2020) വരും വർഷങ്ങളിൽ ഈ നഷ്ടം ആവർത്തിക്കാതിരിക്കാൻ, കെട്ടിടത്തിന്റെ നികുതി സഞ്ചയയിൽ പുനർ നിർണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2)തറ വിസ്തീർണത്തിന് ആനുപാതികമായി കെട്ടിട നികുതി ഈടാക്കിയില്ല .**

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് കെട്ടിട നമ്പറുകൾ ലഭിക്കുന്നതിനായി ഉടമസ്ഥർ അപേക്ഷ സമർപ്പിച്ചു . അതിന്റെ അടിസ്ഥാനത്തിൽ നമ്പരുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷ, ന്യൂ ബിൽഡിങ് രജിസ്റ്റർ

സഞ്ചയ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതി നിർണയത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിടമുടമയുടെ പേരും വിലാസവും | ആകെ തറ വിസ്തീർണം(കംപ്ലീഷൻ പ്ലാൻ പ്രകാരം) | അനുവദിക്കപ്പെട്ട കെട്ടിട നമ്പറുകൾ | നികുതി ഈടാക്കിയ തറ വിസ്തീർണം ( ച.മി) | ബാധകമാക്കിയ നികുതി നിരക്ക) | ബാധകമാക്കിയ നികുതി(ഇളവുകളും വർധനവും അടക്കം) +ലൈബ്രറി സെസ്സ് (വഴി സൗകര്യം 20% വർദ്ധനവ്) ഒന്നാം നില (5% ഇളവ്) |
|---|---|---|---|---|---|
| മുഹമ്മദ് ഹബീബ്, ജമീല വലിയ കിഴക്കയിൽ, വട്ടോളിബസാർ, ,673612 | ഒന്നാം നില 121.32 | 12/465 E<br>12/465 F<br>12/465 G<br>12/465 H<br>12/465 I | 18.07<br>18.07<br>18.7<br>17.37<br>17.37<br>**Total 89.58** | 50 | 1031+52=1083<br>1031+52=1083<br>1066+54=1120<br>991+50=1041<br>991+50=1041<br>**Total 5110+258=5368** |
| ബാധകമാക്കേണ്ട നികുതി | | | | | |
| | **121.32** | | | 50 | **6916+346=7262** |
| നഷ്ടം | | | | | **1806+88=1894** |

പൂർത്തീകരിച്ച ഈ കെട്ടിടത്തിന്റെ ഒന്നാം നിലയിലെ തറ വിസ്തീർണം (plinth area) 121.32 ആയാണ് കംപ്ലീഷൻ പ്ലാനിൽരേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 89.58 ച.മീ. യുടെ നികുതി മാത്രമാണ് ഈടാക്കിയിരുന്നത്. കെട്ടിട നികുതി കണക്കാക്കിയപ്പോൾ 31.74 ച.മീ.ക്ക് നികുതി കണക്കാക്കിയിരുന്നില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ തറ വിസ്തീർണം (plinth area) താഴെ പറയും പ്രകാരം സഞ്ചയയിൽ നികുതി നിർണയം നടത്തിയിട്ടുണ്ട്.

| കെട്ടിടമുടമയുടെ പേരും വിലാസവും | ആകെ തറ | അനുവദിക്കപ്പെട്ട കെട്ടിട | നികുതി ഈടാക്കിയ തറ | ബാധകമാക്കിയ നികുതി | ബാധകമാക്കിയ നികുതി(ഇളവുകളും വർധനവും അടക്കം) |
|---|---|---|---|---|---|

| | വിസ്തീർണം (കംപ്ലീഷൻ പ്ലാൻ പ്രകാരം) | നമ്പറുകൾ | വിസ്തീർണം ( ച.മി) | നിരക്ക) | +ലൈബ്രറി സെസ്സ് (വഴി സൗകര്യം 20% വർദ്ധനവ്) ഒന്നാം നില (5% ഇളവ്) |
|---|---|---|---|---|---|
| മുഹമ്മദ് ഹബീബ്, ജമീല വലിയ കിഴക്കയിൽ, വട്ടോളിബസാർ, 673612 | ഒന്നാം നില 121.32 | 12/465E<br>12/465F<br>12/465G<br>12/465H<br>12/465 I | 24.47<br>24.47<br>25.31<br>23.53<br>23.54<br>**Total 121.32** | 50 | 1396+70=1466<br>1396+70=1466<br>1444+73=1517<br>1342+68=1410<br>1343+68=1411<br>**Total 6921+349=7270** |

2018-19 വർഷത്തെ നഷ്ട തുകയായ 1902/- രൂപ കെട്ടിടമുടമയിൽ നിന്ന് 25-01-2020 ന് 22971/95 രസീതി പ്രകാരം അടവാക്കിയിട്ടുണ്ട്.
ഓഡിറ്റ് അന്വേഷണക്കുറിപ്പുകളുടെ പ്രാധാന്യം സഗൗരവം ഉൾകൊണ്ട് വളരെ പെട്ടെന്ന് തന്നെ നടപടിയെടുത്ത് പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം നികത്തിയത് പ്രശംസാർഹമാണ്.

## 1-9 15 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ ഉപയോഗക്രമം പരിശോധിക്കേണ്ടതാണ്.

സഞ്ചയയിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്സ്മെന്റ് (ഫോറം 6) , പരിശോധിച്ചപ്പോൾ 15 ച.മി വരെ വിസ്തൃതിയുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള 134 കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി.

എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | ഈടാക്കുന്ന നികുതി |
|---|---|---|---|---|
| 1 | 1/513 | 14.53 | സൂരജ്, പൊയിലിൽ, കണ്ണാടിപൊയിൽ, 673612 | 182 |
| 2 | 2/465 | 13 | അബൂബക്കർ, കരിമ്പിൻതരി കണ്ണാടിപൊയിൽ, 673612, | 173 |
| | | | | |

| | | | | |
|---|---|---|---|---|
| 3 | 4/703 | 14.4 | വി പി താമു, ചെമ്പുങ്കര, തലയാട്, 673574 | 160 |
| | 4/704 | 14.4 | | 160 |
| | 4/705 | 14.4 | | 160 |
| | 4/706 | 14.4 | | 160 |
| | 4/707 | 14.4 | | 160 |
| 4 | 5/619 | 14 | സയ്യിദ് റഷീദ് അലി മാളിയേക്കൽ, പ്രസിഡൻറ് വാദി ഹുസ്ന ഓർഫനേജ്, തലയാട്, 673574 | 297 |
| 5 | 5/620 | 14 | ഫവാസ്, പാലക്കാതൊടിക പുത്തൂർ പി ഒ. | 273 |
| 6 | 6/183 | 10 | അബ്ദുൾ അസീസ്, വാളന്നൂർ കിനാലൂർ, 673612 | 227 |
| 7 | 12/487 | 10.26 | അബ്ദുൾറസാഖ്, അമ്പലപറമ്പിൽ, വട്ടോളിബസാർ, വട്ടോളി ബസാർ, 673612 | 454 |
| 8 | 13/955 | 15 | ഹാഷിം അബ്ദുൾ ഷുക്കൂർ, പുത്തലത്ത്, കിനാലൂർ | 46 |
| | 13/956 | 15 | | 56 |
| | 13/957 | 15 | | 208 |
| 9 | 14/69 | 12 | സത്യൻ, പുതുക്കുടി, വട്ടോളിബസാർ | 110 |
| | 14/70 | 10 | | 55 |
| | 14/71 | 12 | | 24 |
| | 14/72 | 10 | | 24 |
| 10 | 18/63 | 15 | ഉണ്ണിനായർ, മഠത്തിൽ, പനങ്ങാട്, പനങ്ങാട്, 673612 | 46 |
| 11 | 19/63 | 9.1 | കെ.കെ.വിനോദിനിഅമ്മ, സുസ്മിത, പനങ്ങാട്, പനങ്ങാട്, 673612 | 78 |
| 12 | 19/94 | 6.1 | കെ പി മല്ലിക, അമ്പിളിയത്ത്, പനങ്ങാട്. | 14 |
| 13 | 19/193 | 5.67 | വിജയൻ, അടുകുടിവീട്ടിൽ, പനങ്ങാട്, പനങ്ങാട്, 673612 | 55 |
| 14 | 20/34 | 15 | ഉഷ മുതൽപേർ, പണ്ടാരമകണ്ടി, പനങ്ങാട്, 673612. | 49 |

15 ച.മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനുള്ളതാവാൻ സാധ്യത കുറവാണ്, ഈ കെട്ടിടങ്ങളുടെയെല്ലാം തൊട്ടടുത്തുള്ള കെട്ടിടങ്ങൾ വാണിജ്യ കെട്ടിടങ്ങളാണെന്ന് സഞ്ചയ പരിശോധനയിൽ വ്യക്തമാണ്. ആയതിനാൽ തന്നെ ഇത്തരത്തിലുള്ള മുഴവൻ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം പരിശോധിക്കേണ്ടതും, ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-10 കെട്ടിടങ്ങളുടെ വിസ്തൃതി രേഖപ്പെടുത്തിയതിലെ അപാകതകൾ -സംബന്ധിച്ച്

സഞ്ചയയിൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ് (ഫോറം 6), പരിശോധിച്ചപ്പോൾ 2011ന് മുമ്പ് നിർമിച്ച ഏതാനും കെട്ടിടങ്ങളുടെ വിസ്തൃതി 10000 ച.മീ. യിലും കൂടുതൽ ആയി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | ഈടാക്കുന്ന നികുതി |
|---|---|---|---|---|
| 1 | 16/49 | 38000 ച.മി | കൃഷ്ണൻ, പാറക്കണ്ടി, പനങ്ങാട്, 673612 | 28/- |
| 2 | 16/50 | 78850ച.മി | കൃഷ്ണൻ, പാറക്കണ്ടി, പനങ്ങാട്, 673612 | 28/- |
| 3 | 16/334 | 417150 ച.മി | ചന്തുകുട്ടി നായർ, നമ്പിടികണ്ടി, പനങ്ങാട്, 673612 | 57/- |

സഞ്ചയയിൽ മേൽ കെട്ടിടങ്ങളുടെ നികുതി നിർണയ വിവരങ്ങൾ Locked (approved) ചെയ്തിട്ടുണ്ട്. നികുതി നിർണയ വിവരങ്ങൾ ചേർക്കുമ്പോൾ കൃത്യമായ പരിശോധനയോ, മേൽ നോട്ടമോ ഇല്ലാത്തതു കൊണ്ടാണ് ഇങ്ങനെ തെറ്റായ വിവരങ്ങൾ വരാൻ ഇടയായത്. ഈ കെട്ടിടങ്ങളുടെ യഥാർത്ഥ തറ വിസ്തീർണം കണക്കാക്കേണ്ടതും, നികുതി പുനർനിർണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 തൊഴിൽനികുതി അപാകതകൾ

1. ഡിമാൻഡ് രജിസ്റ്ററിൽ ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 01 ആയ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി. സൽമ്മ, ഡ്രൈവർ ശ്രീ.ഷിബു എന്നിവരിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ വാങ്ങാതെയാണ് നികുതി ഈടാക്കിയത്.
2. ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 41 കെ.സി ഫ്യൂവൽസ് എന്ന സ്ഥാപനത്തിലെ 5 ജീവനക്കാരിൽ ഡീലർ, മാനേജർ, 3 കസ്റ്റമർ അറ്റൻഡർമാർ എന്നിവരിൽ നിന്നും, ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 55 നോബിൾ പബ്ലിക്ക് സ്കൂൾ എന്ന സ്ഥാപനത്തിലെ 9അധ്യാപകരിൽ നിന്നും 180/-രൂ.നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ആയത് വളരെ കുറഞ്ഞ നിരക്കാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. കൂടാതെ അനധ്യാപക തസ്തികകൾ സംബന്ധിച്ച് റിട്ടേണിൽ വിവരങ്ങൾ ഇല്ല. പ്രസ്തുത തസ്തികകൾ ഈ സ്കൂളിൽ ഉണ്ടോ എന്നത് ഉറപ്പുവരുത്തേണ്ടതും ഉണ്ടെങ്കിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
3. ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 57 കെ.കെ ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിലെ 7 ജീവനക്കാർ ഏറ്റവും കുറഞ്ഞ നിരക്കായ 120/- രൂപ വീതമാണ് തൊഴിൽ നികുതി ഈടാക്കിയത്. ആയത് വളരെ കുറഞ്ഞ നിരക്കാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.
4. ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 95 ബുസ്താനുൽ ഹുദ പബ്ലിക്ക് സ്കൂൾ എന്ന സ്ഥാപനത്തിലെ 8അധ്യാപകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. അനധ്യാപക തസ്തികകൾ ഈ സ്കൂളിൽ ഉണ്ടോ എന്നത്

ഉറപ്പുവരുത്തേണ്ടതും ഉണ്ടെങ്കിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5. ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 63 കള്ള്ഷാപ്പ് ,നിർമ്മല്ലൂർ സ്ഥാപന ഉടമ/ ലൈസൻസി ശ്രീ.പി.കെ ചന്ദ്രൻ , ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 68 ഉദയം സ്റ്റിച്ചിംഗ് യൂണിറ്റ് സ്ഥാപന ഉടമ ശ്രീമതി.ഷൈലജ.കെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നികുതി അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 64 മാംഗോസ് ഫൂട് വെയർ കിനാലൂർ, ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 65 ഡിമസ്റ്റോ ഫൂട് വെയർ ഇന്ത്യ പ്രൈ.ലിമിറ്റഡ്, ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 69 അലൂമിനിയം പ്രൊഡക്ട് പ്രൈ.ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും സമർപ്പിച്ച റിട്ടേണിൽ ആകെ അർദ്ധവാർഷികവരുമാനം മാത്രമാണ് രേഖപെടുത്തിയത്. അടിസ്ഥാന ശമ്പളം,,മറ്റ് അലവൻസുകൾ, ഉത്സവബത്ത,ബോണസ് എന്നിവ പ്രത്യേകം രേഖപെടുത്തിയിട്ടില്ല.തന്മൂലം അർദ്ധവാർഷികവരുമാനം കണക്കാക്കിയത് കൃത്യമാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.ഇതുമൂലം വരുമാനനഷ്ടം സംഭവിക്കാൻ സാധ്യത വർധിക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

7. ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 67 ഫോർച്ച്യൂൺ ഇലാസ്റ്റോമർ പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ രണ്ടാം അർദ്ധവർഷത്തിൽ ആകെ 193 ജീവനക്കാർ ഡിമാൻഡ് രജിസ്റ്ററിൽ റിമാക്സ് കോളത്തിൽ ഓൺ ലീവ് എന്ന് രേഖപെടുത്തിയിട്ടുണ്ട്.ആയതിൻെറ നിജസ്ഥിതി ബോധ്യപെടുത്തേണ്ടതാണ്.കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ നിന്നും ഹാജരാക്കുന്ന റിട്ടേൺ സ്ഥലപരിശോധന നടത്തി എല്ലാ ജീവനക്കാരും ഉൾപെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

9. പനങ്ങാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി,ലൈസൻസ് ഫീസ് എന്നിവ അടവാക്കിയിട്ടില്ല.

10. ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ 88ചീർ ക്രീംസ് പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ 18 ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തിൽ 5720/- രൂപ ഈടാക്കിയിട്ടുണ്ട്.എന്നാൽ രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല.

11.2018-19ലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷയിലെ ക്രമനമ്പർ 16 ൽ ജീവനക്കാരുടെ എണ്ണം പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ അവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചില ഉദാഹരണങ്ങൾ.

| ലൈസൻസ് നമ്പർ | സ്ഥാപനഉടമയുടെ പേര് | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 39 | അബ്ദുനാസർ | താജ്മഹൽ ഹോട്ടൽ | 07 |
| 79 | ജാസിർ | അപ്പർസ്റ്റിച്ചിംഗ് യൂണിറ്റ് | 10 |
| 89 | ഷാജഹാൻ | ന്യൂസ്റ്റാർ ഹോട്ടൽ | 04 |
| 88 | ഷാജഹാൻ | ഈർച്ചമില്ല് | 05 |
| 363 | ഷാനിഫ് മേലത്ത് | കാർ ആക്സസറീസ് | 03 |
| 348 | സന്തോഷ് | ഹോട്ടൽ | 04 |

അപാകതകൾക്ക് വിശദീകരണം ആവശ്യപെട്ട് 22.01.2020ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 സൈഡ് വീൽ സ്കൂട്ടർ വാങ്ങിയതിലെ അപാകത

രണ്ട് വ്യത്യസ്ഥ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം ചെയ്ത പ്രൊജക്ടിൽ 10 വീതം ഗുണഭോക്താക്കൾക്ക് കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിൽ നിന്നും സ്കൂട്ടർ വാങ്ങി നൽകിയതിൻെറ വിവരങ്ങളാണ് താഴെ നൽകിയത്.

| പ്രൊജക്ട് നമ്പർ | 29 | എസ്.ഒ 201 |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എെ.സി.ഡി.എസ് സൂപ്പർവൈസർ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി, വയലട |
| പദ്ധതിയുടെ പേര് | വികലാംഗർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ സ്കൂട്ടർ |
| അടങ്കൽ, ഫണ്ട് | 800000/- പൊതുവിഭാഗം സാധാരണവിഹിതം | 750000/-പൊതുവിഭാഗം സാധാരണ വിഹിതം |
| ചെലവ് | 800000/- | 750000/- |
| ട്രഷറി ബിൽ നമ്പർ, തീയ്യതി | 17/18-19 , 29.01.2019 | 4/18-19,29.12.2018 |
| ഇൻവോയിസ് നം, തീയ്യതി | 5124/18-19,12.01.2019<br>5125/18-19,12.01.2019 | MKTG/TRD/0064/18-19<br>13.12.2018 |

ബില്ലുകളുടെ വിശദമായ പരിശോധനയിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി, വയലട ഒരു സ്കൂട്ടറിന് 75,000/-രൂപ നിരക്കിൽ 10 സ്കൂട്ടറുകൾക്ക് 7,50,000/- രൂപ ചെലവഴിച്ചപ്പോൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ ഒരു സ്കൂട്ടറിന് 80,000/-രൂപ നിരക്കിൽ 10 സ്കൂട്ടറുകൾക്ക് 8,00,000/-രൂപ ചെലവഴിച്ചതായി കാണുന്നു. ഒരേ സ്ഥാപനത്തിൽ നിന്നുള്ള പർച്ചേസ് ബില്ലുകൾ പ്രകാരം കേവലം ഒരു മാസത്തെ ഇടവേളയിൽ വാങ്ങിയ സ്കൂട്ടറുകൾക്ക് 5000 രൂപ വിലവ്യത്യാസം ഉണ്ടായത് പരിശോധിക്കപ്പെട്ടിട്ടില്ല. ആയത് പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയ സ്കൂട്ടറുകൾക്ക് ഒന്നിന് 5000 രൂപ ക്രമത്തിൽ 10 എണ്ണത്തിന് 50000 രൂപ അധിക ചെലവുണ്ടായിട്ടുണ്ട്. കേരള സ്റ്റോർപർച്ചേസ് മാന്വൽ കൂടുതൽ കേന്ദ്രീകൃതവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് പലപ്പോഴും അനുയോജ്യമാകുന്നില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഇത്തരം സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും ആർജ്ജിക്കുന്നതിനായി പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. (ജി.ഒ.(പി) നം.259/2010/ ത.സ്വ.ഭ.വ തീയ്യതി 8.11.10)

കൈമാറിക്കിട്ടിയ ഘടകസ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങൾ, വാർഷിക പദ്ധതികൾ പ്രകാരം ആർജ്ജിക്കേണ്ട സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ ഒറ്റ യൂണിറ്റായി പരിഗണിച്ച് ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും വാർഷിക ആവശ്യം നിർണ്ണയിച്ച് വാങ്ങൽ പ്രക്രിയ പൂർത്തിയാക്കുന്ന രീതിയാണ് മാർഗ്ഗരേഖ ലക്ഷ്യമാക്കിയത്. ഓരോ മേഖലയിലെയും വിദഗ്ധരടങ്ങിയ വാങ്ങൽ ടീമിന്റെ സാന്നിധ്യം, സോഷ്യൽ ഓഡിറ്റ് സംവിധാനം എന്നിവ, ആർജ്ജിക്കപ്പെടുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരവും സുതാര്യവും കാര്യക്ഷമവുമായ വിഭവ വിനിയോഗവും ഉറപ്പുതരുന്നതോടൊപ്പം ഒരേതരം സാധനങ്ങൾ ഒരുമിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തിക

മെച്ചം സാധ്യമാക്കുകയും ചെയ്യും. ഗ്രാമപഞ്ചായത്തിന്റെ പർച്ചേസുകളിൽ പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലാണ് ഈ രീതിയിൽ അധിക ചെലവ് സംഭവിക്കുന്നത്. അപാകത സംബന്ധിച്ച് 23.1.2020 ന് നല്കിയ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അധികചെലവുണ്ടായതിന് ന്യായീകരിക്കത്തക്ക കാരണമില്ലാത്തപക്ഷം, തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അധിക ചെലവു തുക 50000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-13 എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം -പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതെങ്ങിനെയെന്ന് വ്യക്തമല്ല.

മരാമത്ത് പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിന്റെ അവിഭാജ്യ ഘടകമാണ് എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ. 2018-19 വർഷം പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തിൽ, പലതിലും വിശദമായ വിവരങ്ങൾ ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചതായി കണ്ടു. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ വിശദമാക്കിയിട്ടുണ്ട്. പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 1601.1.2(ii) ലും മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്തും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നു. പ്രധാനമായും റോഡ് പ്രവൃത്തികളാണ് കൂടുതലായും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുള്ളത്. റോഡുകളുടേതുൾപ്പെടെ താഴെ ചേർത്ത കാര്യങ്ങളിൽ വ്യക്തത വരുത്തുന്ന രീതിയിൽ വിശദവിവരങ്ങൾ ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമായിരിക്കണം സാങ്കേതികാനുമതി നൽകേണ്ടത്.

1) റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ.

2) അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ.

3) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും.

4) പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം ,മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ.

5) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ.

6) പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ്.

7) മറ്റ് പ്രസക്തമായ കാര്യങ്ങൾ.

2018-19 വർഷം നടപ്പാക്കിയ സ്പിൽ ഓവർ പ്രവൃത്തി ഫയലുകളിലാണ് ഇപ്രകാരം പോരായ്മകൾ ഉള്ള എസ്റ്റിമേറ്റ് റിപ്പോർട്ട് കൂടുതലായും കണ്ടത്. ഇത്തരത്തിലുള്ള എസ്റ്റിമേറ്റിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നല്കുന്നത് എപ്രകാരമെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് എസ്റ്റിമേറ്റുകൾ മടക്കുന്നതായും കാണുന്നില്ല. അപൂർണ്ണമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കിവരുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രൊജക്ടുകൾ

എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാകുക, പ്രൊജക്ട് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല.

വരും വർഷങ്ങളിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ കാര്യത്തിൽ നടത്തേണ്ട ഇടപെടലുകളെ കുറിച്ച് വ്യക്തമായ തീരുമാനമെടുക്കാൻ അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തടസ്സമാകും. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കി തുക നല്കിയില്ല. -തൻവർഷത്തെ വികസന പ്രവൃത്തികൾക്കുള്ള പണം നഷ്ടമാകുന്നു.

2016-17, 2017-18 വർഷങ്ങളിൽ പൂർത്തിയാക്കേണ്ട മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി ബിൽ തുകകൾ അതാത് വർഷം ചെലവഴിക്കാതെ 2018-19 വർഷത്തെ പഞ്ചായത്ത് വികസന ആവശ്യങ്ങൾക്ക് ലഭിച്ച സർക്കാർ ഗ്രാന്റ് തുകയിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ഇത് തൻവർഷത്തെ ഗ്രാന്റ് തുക നഷ്ടമാകുന്നതിന് തുല്യമാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം. | പ്രൊജ.നം./പേര് | കരാർ തീയ്യതി | ചെലവ് തുക | ഫണ്ട് |
|---|---|---|---|---|
| 1 | 187/19 (SO)കുറുമ്പൊയിൽ പൊട്ടൻകാവ് റോഡ് ടാറിങ്ങ്<br><br>കരാറുകാരൻ -<br>ശ്രീ. ഗോപാലകൃഷ്ണൻ.കെ.എം | 18.3.18 | 170308/-<br><br>ബിൽ നം. 21/31.10.18 | സംരക്ഷണഗ്രാന്റ്(റോഡ്) |
| 2 | 168/19(SO)എരഞ്ഞിക്കണ്ടി മുതുവന റോഡ്<br><br>കരാറുകാരൻ -<br>ശ്രീ. കെ.എം. ഗോപാലകൃഷ്ണൻ | 11.12.17 | 779084<br><br>ബിൽ നം. 22/31.10.18 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 3. | 173 /19(SO)വാളന്നൂർ കാപ്പിയിൽ താഴെ റോഡ്<br><br>കരാറുകാരൻ –<br>ശ്രീ. കെ.എം ഗോപാലകൃഷ്ണൻ | 26.12.17 | 887971<br><br>ബിൽ നം. 23/31.10.18 | ട് |
| 4 | 186/19(SO)വയലട പി.എച്ച്.സിക്ക് ടോയ്ലറ്റ്<br><br>കരാറുകാരൻ –<br>ശ്രീ. കെ.എം ഗോപാലകൃഷ്ണൻ | 30.11.17 | 80531<br><br>ബിൽ നം.16/18.8.18 | സംരക്ഷണഗ്രാന്റ് (റോഡിതരം) |
| | | | | |

| | | | | |
|---|---|---|---|---|
| 5 | 170 /19(SO)തയ്യുള്ളതിൽ ഒതയോത്തുമ്മൽ റോഡ്<br><br>കരാറുകാരൻ -<br>ശ്രീ. ഗോപാലകൃഷ്ണൻ.കെ.എം | 11.12.17 | 780503<br><br>ബിൽ നം.<br>17/18.8.18 | സംരക്ഷണഗ്രാന്റ്(റോഡ്) |
| 6 | 176 /19(SO)തലയാട് ആയൂർവ്വേദാശുപത്രി അറ്റകുറ്റപണി<br><br>കരാറുകാരൻ –<br>ശ്രീ. ശരത് സെബാസ്റ്റ്യൻ | 27.11.17 | 75235<br><br>18/18.8.18 | ടി (റോഡിതരം) |
| 7 | 172 /19(SO)വലിയമല കുഴിക്കോട്ടക്കുന്ന് റോഡ്<br><br>കരാറുകാരൻ -<br>ശ്രീ. കെ.എം.ഗോപാലകൃഷ്ണൻ | 28.12.17 | 82000<br><br>ബിൽ നം.<br>20/31.10.18 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 8 | 160/19(SO) തലയാട് ആയുർവ്വേദാശുപത്രി കുടിവെള്ളമെത്തിക്കൽ<br><br>കരാറുകാരൻ –<br>ശ്രീ. കെ.എം.ഗോപാലകൃഷ്ണൻ | 23.3.17 | 911511<br><br>ബിൽ നം.11,<br>12/30.5.18 | സംരക്ഷണ ഗ്രാന്റ്<br>(റോഡിതരം) |
| 9 | 183/19(SO)തട്ടാന്റെ പുറായിൽ കച്ചേരിക്കണ്ടി റോഡ് പാച്ച് വർക്ക്<br><br>കരാറുകാരൻ –<br>ശ്രീ. കെ.എം ഗോപാലകൃഷ്ണൻ | 30.11.17 | 94752<br><br>ബിൽ നം.<br>13/30.5.18 | ടി (റോഡ്) |
| 10 | 169 /19(SO)വട്ടോളി ബസാർ മാട്ടാക്കണ്ടി റോഡ്<br><br>കരാറുകാരൻ -ശ്രീ. ബിജു. എം | 21.12.17 | 52777<br><br>ബിൽ നം.<br>14/11.6.18 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | 185 /19(SO)മണിച്ചേരി കണ്ണിവയൽ വയലട റോഡ്<br><br>കരാറുകാരൻ -ശ്രീ. ഫിറോസ്. കെ.ടി | 30.11.17 | 725066<br><br>ബിൽ നം.<br>15/18.8.18 | വികസന ഫണ്ട് |
| | 181 /19(SO)മരപ്പാലം ചെംപായിതാഴ പാത്ത് വെ<br><br>കരാറുകാരൻ –<br>ശ്രീ. കെ.എം.ഗോപാലകൃഷ്ണൻ | 30.11.17 | 319316<br><br>ബിൽ നം.<br>7/30.5.18 | സംരക്ഷണഗ്രാന്റ് (റോഡ്) |
| | 179 /19(SO)പടിക്കൽവയൽ ഒരങ്കോ കുന്ന് റോഡ് | 22.12.17 | 397421 | ടി |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ –<br>ശ്രീ. ഗോപാലകൃഷ്ണൻ.കെ.എം | | ബിൽ നം.<br>8/30.5.18 | |
| | 159 /19(SO) തലയാട് ആയുർവ്വേദാശുപത്രി അറ്റകുറ്റ പണി<br>കരാറുകാരൻ -<br>ശ്രീ. എം. കുഞ്ഞിമുഹമ്മദ് | 27.4.17 | 233290<br>ബിൽ നം.9/30.5.18 | ടി |
| | 166 /19(SO)കുറുമ്പൊയിൽ പൊട്ടൻകാവ് റോഡ്<br>കരാറുകാരൻ - | 22.12.17 | 787082<br>ബിൽ നം<br>10/305.18 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | 171 /19(SO)ഇൻഡസ്ട്രിയൽ ചാലിൽ താഴെ റോഡ്<br>കരാറുകാരൻ -ശ്രീ. വിജേഷ്.എം | 19.12.17 | 943315<br>ബിൽ നം.<br>5/30.5.18 | ടി |
| | 180 /19(SO)പാലാപ്പറമ്പിൽ നടുക്കണ്ടി കളരിപ്പൊയിൽ റോഡ്<br>കരാറുകാരൻ –<br>ശ്രീ. ഗോപാലകൃഷ്ണൻ കെ.എം | 30.11.17 | 183087<br>ബിൽ നം.<br>4/30.5.18 | സംരക്ഷണഗ്രാന്റ്(റോഡ്) |
| | 178 /19(SO)നിർമ്മല്ലൂർ സബ്സെന്റർ അറ്റകുറ്റപണി<br>കരാറുകാരൻ –<br>ശ്രീ. ശരത്ത് സെബാസ്റ്റ്യൻ | 27.11.17 | 125767<br>ബിൽ നം.<br>2/30.5.18 | ടി (റോഡിതരം) |
| | 158 /19(SO)എടന്നൂര് മാണിക്യം വയൽ റോഡ്<br>കരാറുകാരൻ - | 12.1.17 | 227378<br>ബിൽ നം.<br>3/30.5.18 | ടി(റോഡ്) |
| | 167 /19(SO)രാരോത്ത് മുക്ക് തേവർകാല റോഡ്<br>കരാറുകാരൻ -ശ്രീ. വിജേഷ്.എം | 21.12.17 | 605257<br>6/30.5.18 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | ആകെ | | 8461651 | |

2016-17, 2017-18 വർഷങ്ങളിൽ കരാർവെച്ച് പൂർത്തിയാക്കേണ്ടിയിരുന്ന മേൽ ചേർത്ത മരാമത്ത് പ്രവൃത്തികൾക്ക് 2018-19 വർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നും 8461651 രൂപ ചെലവു ചെയ്യേണ്ടി വന്നിട്ടുണ്ട്. 2018-19 വർഷം വിവിധ വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊജക്ടുകൾ വിഭാവനം ചെയ്യുന്നതിന് ഫണ്ട് ലഭ്യതയില്ലായ്മ തടസ്സമായിട്ടുണ്ട്. കൂടാതെ തൻവർഷത്തെ പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ നടപ്പാക്കാതെയും പൂർത്തിയായിട്ടും ബിൽ തുക അനുവദിക്കാൻ കഴിയാതെയും വന്നിട്ടുണ്ട്. ഈ അപാകത തുടർവർഷങ്ങളിലും ആവർത്തിക്കുന്നത് വികസന പ്രവർത്തനങ്ങൾ മന്ദീഭവിപ്പിക്കും. പ്രൊജക്ടുകളുടെ ആധിക്യം, സാമ്പത്തിക വർഷാന്ത്യത്തിലുള്ള

കരാർ ചമയ്ക്കൽ, തുടർനടപടികൾ സ്വീകരിക്കൽ എന്നീ കാരണങ്ങളാലാണ് പ്രവൃത്തി പൂർത്തീകരണവും ബില്ലുകൾ നല്കലും യഥാസമയം നടക്കാത്തത് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. അപാകത ആവർത്തിക്കാതിരിക്കുന്നതിന് വിഷയം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 മരാമത്ത് പ്രവൃത്തി ഫയലുകളുടെ സൂക്ഷിപ്പിലെ അപാകത

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തി പ്രൊജക്ട് ഫയലുകളുടെ പരിശോധനയിൽ താഴെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഓരോ മേഖലയിലെയും ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ അതാത് മേഖലയിലെ പ്രൊജക്ടുകളുടെ രൂപീകരണശേഷം മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടതുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണഘട്ടങ്ങളിൽ മരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്ററിങ്ങ് നടത്തിയതായി കാണുന്നില്ല.

2.മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതിക്കായി പ്രവൃത്തി സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണെങ്കിലും സ്പിൽ ഓവർ പ്രവൃത്തികളുടെ ഫയലുകളിൽ പ്രത്യേകിച്ചും വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3. പല ഫയലുകളിലും സെലക്ഷൻ നോട്ടീസ്, സൈറ്റ് കൈമാറൽ, പ്രവർത്തന കലണ്ടർ എന്നിവ സൂക്ഷിക്കുന്നില്ല. ഉദാ.- പ്രൊജക്ട് നം. 175/19(എസ്.ഓ) തലയാട് ബസ്സ്സ്റ്റാന്റ് നിർമ്മാണം.

4.കരാർ രേഖയിൽ വിശദാംശങ്ങൾ രേഖപ്പെടുത്താതെ സൂക്ഷിക്കുന്നു. ഉദാ.- പ്രൊജ. നം. 160/19(എസ്.ഓ) തലയാട് ആയുർവ്വേദാശുപത്രി കുടിവെള്ളമെത്തിക്കൽ - തീയ്യതി, സെക്രട്ടറിയുടെ പേര് എന്നിവ ചേർത്തിട്ടില്ല. 2. 159/19(എസ്.ഒ.) തലയാട് ആശുപത്രി അറ്റകുറ്റപണി, 154/19(എസ്.ഓ)കിനാലൂർ വനിത മിനി ഇൻഡസ്ടിയൽ കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളുടെ കാര്യത്തിലും സമാനമായ അപാകത.

5. അസി.എഞ്ചിനീയർ തയ്യാറാക്കി സൂക്ഷിച്ച കാഷ്ബുക്കിൽ തനത് ഫണ്ട് വകയിരുത്തൽ പ്രകാരമുള്ള വരവുചെലവു വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തിയിട്ടില്ല. ഉദാ. ചെക്ക് നം. 265023, 265024 തീയ്യതി 506018 പ്രകാരമുള്ള 1667295രൂ., 21240 രൂ. എന്നിവയുടെ വരവ് ചെലവ് വിവരം. കൂടാതെ കാഷ് ബുക്കിലെ പല പേജുകളും ഒഴിച്ചിട്ടു, പേജുകൾക്ക് നമ്പർ ചേർത്തിട്ടില്ല. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-16 പുഴ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തൽ - സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടില്ല

പ്രൊജക്ട് - പുഴ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തൽ 15/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ തുക 466920/- തനത് ഫണ്ട്

അടങ്കൽ 466920/-

പനങ്ങാട് പഞ്ചായത്തിലെ പുഴ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള സെക്രട്ടറിയുടെ അപേക്ഷയിൽ ജില്ലാ സർവ്വേ സൂപ്രണ്ട് തയ്യാറാക്കിയ 466920/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം തുക 6/07/2018 ന തഹസീൽദാർ (ഭൂരേഖ) താമരശ്ശേരി താലൂക്കിനു കൈമാറിയിട്ടുണ്ട്.

7/03/2019 ലെ പി 1/12064/17 നം കത്തു പ്രകാരം സർവ്വേ നടത്തുന്നതിന് 25000/രൂപ അഡ്വാൻസായി സർവ്വേയർമാർക്ക് നൽകിയതായും സർവേകല്ലുകൾ വാങ്ങുന്നതിന് 42350/-രൂപ ചെലവഴിച്ചതായും തഹസീൽദാർ സെക്രട്ടറിയെ അറിയിച്ചിട്ടുമുണ്ട്. ഇപ്രകാരം,466920/- രൂപയിൽ 67350/-രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും സർവേ നടപടികൾ പൂർത്തിയാക്കിയതു സംബന്ധിച്ച വിവരങ്ങളോ, സർവേ റിപ്പോർട്ടോ പഞ്ചായത്തിനു ലഭിച്ചിട്ടില്ല. അപാകതകൾചൂണ്ടിക്കാണിച്ചു നൽകിയ 3/21.01.2020 നം അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. സർവ്വേ പൂർത്തിയാക്കാത്ത പക്ഷം, പണം തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-17 നിർവ്വഹണ ഉദ്യോഗസ്ഥൻ നിയമാനുസൃത രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

അസി. സെക്രട്ടറി

വൃദ്ധർക്ക് കട്ടിൽ (s c) 49/19

അടങ്കൽ 305793

ചെലവ് 305793 ബിൽ നം 7/18-19 തിയ്യതി 30.01.2019

1. ക്യാഷ് ബുക്ക്

സ.ഉ(പി)177/2006 ഫിൻ തീ-12.04.2006, സ.ഉ(പി)11 9/2015 ഫിൻ തീ-21.03.2015 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. ത.സ്വ.ഭ.വ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡി രജിസ്റ്ററും സൂക്ഷിക്കണം.

2. പ്രോജക്ട് രജിസ്റ്റർ
മേൽ സർക്കാരുത്തരവുകൾ പ്രകാരം സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ (അനുബന്ധം ബി 5) സൂക്ഷിക്കേണ്ടതാണ്.

3. വിതരണ രജിസ്റ്റർ

വൃദ്ധർക്ക് കട്ടിൽ (s c) 49/19 പദ്ധതി പ്രകാരം 77 പേർക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിച്ചിട്ടില്ല. കൂടാതെ കട്ടിലിന്റേയും ഗുണഭോക്താക്കളുടേയും വിശദാംശങ്ങളടങ്ങിയ വിതരണ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ 2/21.01.2020 നം അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. കട്ടിൽ വിതരണം ചെയ്തതിന്റേയും ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റേയും രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -അപാകത

പ്രൊജക്ട് നമ്പർ 45

നിർവ്വഹണഉദ്യോഗസ്ഥൻ ഹെഡ് മാസ്റ്റർ ,ഗവ.എൽ.പി.സ്കൂൾ കിനാലൂർ ഈസ്റ്റ്

പദ്ധതിയുടെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ 10,00,000/- എസ്.സി.പി ഫണ്ട്

ചെലവ് 2,00,000/-

ട്രഷറി ബിൽ നമ്പർ 5/18-19 തീയ്യതി 27.12.18

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 4 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 50,000/- രൂപ ഒന്നാം ഘട്ടം നൽകിയിട്ടുണ്ട്. ഹാജരാക്കിയ ഫയലുകളിലും അനുബന്ധ രേഖകളിലും പഞ്ചായത്തിലെ കെട്ടിട നിർമ്മാണ അനുമതിയുടെ പകർപ്പുകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ നിലവിലുള്ള 800 ചതുരശ്രയടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്രയടിയിലധികരിക്കാത്ത പഠനമുറി നിർമ്മിക്കാവുന്നതാണ് (സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.17) എന്നാൽ ആയത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപെട്ട് 23.01.2020ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 13ന് 24.01.2020ന് നല്കിയ മറുപടിയിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതും പഠനമുറി പൂർത്തീകരിച്ചവരുടെ വസ്തുനികുതി പുന:പരിശോധിച്ച് നികുതി അടവാക്കേണ്ടതുമാണ്.

## 1-19 നിരതദ്രവ്യം ഫയലിൽ സൂക്ഷിക്കുന്നു.

പ്രൊജക്ട് - സ്മാർട്ട് ലൈബ്രറി 192/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ തുക 38490/- തനത് ഫണ്ട് അടങ്കൽ 102169/-

പഞ്ചായത്ത് ലൈബ്രറിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനു വിഭാവനം ചെയ്ത മേൽ പ്രോജ ക്ടിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് 25.10.2017 ന് ടെണ്ടർ ക്ഷണിച്ചതിൽ ടെണ്ടറിനൊപ്പം സമർപ്പിച്ച നിരതദ്രവ്യം ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്.

| ക്രമ നം. | സ്ഥാപനം | നമ്പർ/തിയ്യതി | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | Excellent I T World<br>Vellalassery<br><br>Kozhikode | Deposit Rt No. 0050010033467 dt.25.10.2017 kodiyathur SCB Pannikkode Kozhikode | 500/- |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 287 പ്രകാരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ സർക്കാരുമായി കരാർ ഉറപ്പിക്കുമ്പോൾ കരാറിന്റെ വിജയകരമായ പൂർത്തീകരണത്തിനായി സ്വീകരിക്കുന്ന നിരതദ്രവ്യങ്ങൾ/സുരക്ഷിത നിക്ഷേപങ്ങൾ (ആർട്ടിക്കിൾ 140 1 (a)) എന്നീ ഇനങ്ങളിലുള്ള നിക്ഷേപങ്ങൾ ബന്ധപ്പെട്ട കക്ഷികൾക്ക് തിരിച്ചു നൽകേണ്ട സമയത്ത് കൊടുക്കാൻ കഴിയാത്ത വിധം ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പ് (സ്ട്രീം ലൈനിംഗ് ) 27.08.2010 ലെ 80/10/ധന. നമ്പർ സർക്കുലർ പ്രകാരം ഇപ്രകാരം ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ പബ്ലിക് അക്കൗണ്ടിന് കീഴിലെ 8443 സിവിൽ ഡെപ്പോസിറ്റ്സ്-00-103 സെക്യൂരിറ്റി ഡെപ്പോസിറ്റ് (റസീപ്റ്റ്സ് ) എന്ന കണക്കിനത്തിൽ ട്രഷറി വഴി നിക്ഷേപിക്കേണ്ടതും തിരിച്ചു നൽകേണ്ട സമയത്ത് പ്രസ്തുത കണക്കിനത്തിൽ നിന്നു തന്നെ തത്തുല്യമായ തുക നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ 14/23.01.2020 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. EMD/Security Deposit ഇനത്തിലുള്ള നിക്ഷേപങ്ങൾ മേൽപ്പറഞ്ഞ വിധം അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 നീക്കം ചെയ്ത തെരുവു വിളക്കുകൾ/ ഭാഗങ്ങൾ കൈയ്യൊഴിയാത്തത് സംബന്ധിച്ച്

പ്രൊജക്ട് - കേടായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ 11/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ തുക 888800/- 26/18-19 തിയ്യതി 19.01.2019

അടങ്കൽ 8,90,000/-

2018-19 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം. 11/19 (കേടായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ ) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് 888800 രൂപയുടെ തെരുവു വിളക്കുകൾ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ നീക്കം ചെയ്ത തെരുവു വിളക്കുകൾ/ ഭാഗങ്ങൾ എന്തു ചെയ്തു എന്നതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15 നു മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. അപാകതകൾചൂണ്ടിക്കാണിച്ചു നൽകിയ 15/23.01.2020 നം അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. നീക്കം ചെയ്ത തെരുവ് വിളക്കുകൾ / ഭാഗങ്ങൾ കൈയ്യൊഴിഞ്ഞതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 2018-19 വാർഷിക പദ്ധതി ആസൂത്രണം, നിർവ്വഹണം - സ്റ്റാന്റിങ്ങ് കമ്മിറ്റികൾ, വർക്കിങ്ങ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം

പതിമൂന്നാം പഞ്ചവത്സരക്കാലത്ത് കേരളത്തെ സാമൂഹികനീതിയുടെയും പരിസ്ഥിതി സുരക്ഷയുടെയും ഉത്തമ മാതൃകയാക്കി പ്രാദേശിക സാമ്പത്തിക വികസനത്തിലൂന്നിക്കൊണ്ട് വളർച്ചയുടെയും വികസനത്തിന്റെയും ഉയർന്ന തലത്തിലെത്തിക്കുകയാണ് സർക്കാർ ലക്ഷ്യമാക്കിയത്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ 13ാം പദ്ധതിക്കാലത്തെ 18-19 വാർഷിക പദ്ധതികളുടെ ആസൂത്രണം, രൂപീകരണം, നിർവ്വഹണം, സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, വികസന ലക്ഷ്യങ്ങളും പ്രൊജകട് ആശയങ്ങളും എന്നീ രീതിയിൽ കൃത്യമായ അടിസ്ഥാനവിവരങ്ങളുടെ അടിസ്ഥാനത്തിൽ വർക്കിങ്ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഓരോ മേഖലയിലെയും പ്രൊജക്ടുകൾക്ക് രൂപം നൽകേണ്ടത്.

ഓരോ മേഖലയിലും മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനും രൂപം കൊടുക്കുന്നതിലും, നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും അതിന്റെ പരിധിയിൽ വരുന്ന വർക്കിങ്ങ് ഗ്രൂപ്പുകളുടെയും പങ്ക് വളരെ വലുതാണ്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ സജീവപങ്ക് വഹിക്കുന്ന രീതിയിൽ പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ടെന്ന് കാണുന്നു. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിധിയിൽ വരുന്ന വിവിധ വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ പഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ സാധ്യമാക്കുന്ന രീതിയിലുള്ള പ്രവർത്തനം ഉത്തരവാദിത്തത്തോടെ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ടെന്ന് പറയാനാവില്ല. വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചത് പ്രകാരമുള്ള പൊതുവായ അഭിപ്രായം താഴെ ചേർക്കുന്നു.

1.പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പ്രൊജക്റ്റ്ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ നിർവ്വഹണം, മോണിറ്ററിങ്ങ് എന്നിവയുമായി ബന്ധപ്പെട്ട് ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടായതായി കാണുന്നില്ല.

2. 2018-19 വർഷം പരമാവധി 3 യോഗങ്ങൾ മാത്രമാണ് വർക്കിങ്ങ് ഗ്രൂപ്പുകൾ ചേർന്നത്. ഇതിൽ കുടിവെള്ളം -ശുചിത്വം , ആരോഗ്യം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്നീ വർക്കിങ്ങ് ഗ്രൂപ്പുകൾ 2 വീതവും മൃഗസംരക്ഷണം, ക്ഷീരവികസനം വർക്കിങ്ങ് ഗ്രൂപ്പ് ഒരു തവണയുമാണ് യോഗം ചേർന്നത്. പ്രൊജക്ടുകളുടെ രൂപീകരണം, നിർവ്വഹണഘട്ടങ്ങളിൽ പ്രധാന പങ്ക് വഹിക്കേണ്ട സമിതി എന്ന നിലയ്ക്ക് ഈ സാഹചര്യം ഗുണപ്രദമാവില്ല.

3. മിനുട്സ് അശ്രദ്ധമായി തയ്യാറാക്കുന്നു. വർക്കിങ്ങ് ഗ്രൂപ്പ് യോഗ അജണ്ട, തീരുമാനങ്ങൾ എന്നിവ ചേർക്കുന്നില്ല. സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല, പേജുകൾ തീരുമാനങ്ങൾ ചേർക്കാതെ ഒഴിച്ചിടുന്നു. ഉദാ-

- ആരോഗ്യം - 2.10.18, 16.5.19, 19.12.19, പൊതുമരാമത്ത് - 27.1.18, 15.2.18, 4.8.18, 12.11.18, 17.5.19 തീയ്യതികളിലെ യോഗങ്ങൾ

- പട്ടികജാതി വികസനം - പേജ് 12 മുതൽ 15 വരെ ഒഴിച്ചിട്ടു

ഗ്രാമ പഞ്ചായത്തിന്റെ 13ാം പദ്ധതിരേഖ പ്രകാരമുള്ള വികസന, ക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വിഭവലഭ്യതയും വിനിയോഗവും ഫലപ്രദമാക്കുന്നതിനും നേതൃപരമായ പങ്ക് വഹിക്കുന്നതിൽ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിലും. വർക്കിങ്ങ്

ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന് കൂടുതൽ ഫലപ്രദമായി പ്രവർത്തനം കാഴ്ചവെക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ വിഭവ വിനിയോഗം കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവനപദ്ധതി പ്രവർത്തന പുരോഗതി

എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവനപദ്ധതി ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ മുൻവർഷങ്ങളിൽ ആരംഭിച്ചതും എന്നാൽ സാമ്പത്തിക പരാധീനതകൾ ഉൾപ്പെടെയുള്ള പല കാരണങ്ങളാലും നിർമ്മാണം മുടങ്ങിയ പണി തീരാത്ത വീടുകളുടെ പൂർത്തീകരണമായിരുന്നു ലക്ഷ്യമിട്ടത്. ഇതിന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം.

പനങ്ങാട് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളിലുമായാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്.

കോഴിക്കോട് ജില്ലയിൽ ലൈഫ് ഒന്നാം ഘട്ടത്തിൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ പഞ്ചായത്ത് എന്ന ഒരു സവിശേഷത കൂടി പനങ്ങാട് പഞ്ചായത്തിനുണ്ട്. ജില്ലാതല ലൈഫ് കുടുംബസംഗമത്തിൽ അതിനായുള്ള പുരസ്കാരവും കരസ്ഥമാക്കി.

ഫേസ് 1 - 2017-18 സാമ്പത്തികവർഷത്തിൽ ആരംഭിച്ച പദ്ധതിയിൽ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലായി ആകെ 129 കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചു. നടപ്പ് വർഷത്തിൽ 129 കുടുംബങ്ങളും ഭവനനിർമ്മാണം പൂർത്തീകരിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിൽ 5, പട്ടികജാതി 41, ജനറൽ 83 എന്നിങ്ങനെ ആണ് ഗുണഭോക്താക്കളുടെ എണ്ണം.

ഫേസ് 2

പനങ്ങാട് ഗ്രാമപഞ്ചായത്ത് ലൈഫ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി ഗുണഭോക്തൃലിസ്റ്റിൽ 85 ജനറൽ കുടുംബങ്ങളാണ് ഉൾപ്പെട്ടിരുന്നത്. പുനരന്വേഷണത്തിൽ അർഹരായ 56 പേർ ഉണ്ടായിരുന്നു. അതിൽ 2018-19 വർഷത്തിൽ കരാർ വെച്ച 55 പേർക്ക് ഭാഗികമായി ധനസഹായം നൽകി. 2018-19 വർഷത്തിൽ ആരും തന്നെ ഭവനനിർമ്മാണം പൂർത്തീകരിച്ചിരുന്നില്ല. നടപ്പ് വർഷത്തിൽ നിലവിൽ 53 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചു.

പട്ടികവർഗ്ഗവിഭാഗത്തിൽ 10 പേർ ആണ് ഉൾപ്പെട്ടിരുന്നത്. 9 കുടുംബങ്ങൾ എഗ്രിമെന്റ് വെച്ചു. ഭവനനിർമ്മാണം പുരോഗമിച്ചു വരുന്നു.

വിശദാംശങ്ങൾ താഴെ പറയുന്നു.

1.പ്രൊജക്ട് നമ്പർ 111/19

ലൈഫ് ഭവനപദ്ധതി - ജനറൽ - പുതിയ വീടുകൾ

പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന വേണ്ടി ആവിഷ്കരിച്ച് പദ്ധതിയിൽ പൊതുവിഭാഗം സാധാരണ വിഹിതമായി 2810000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 1359117/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1340000/- രൂപയും വായ്പയും മറ്റുമായി 21440000/- രൂപയും ചേർത്ത് 26949117/- രൂപയാണ് അടങ്കൽ.

ഇതിൽ സാധാരണവിഹിതത്തിൽ 2631379/- രൂപയും 10,80,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 1326117/- രൂപയും ഹഡ്കോ വായ്പ 19087701/- രൂപയും അടക്കം 11610205/- രൂപയും ചേർത്ത് മൊത്തം 15567701/- രൂപ ചെലവഴിച്ചു. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചിട്ടില്ല.

2. ലൈഫ് ഭവനം - എസ്.ടി. പുതിയ വീടുകൾ - (231/19)

എസ്.സി.പി. 1,80,000/- രൂപയും ലോൺ/മറ്റുള്ളവ പ്രകാരം 32,00,000/- രൂപയും ചേർത്ത് 33,80,000/- രൂപയാണ് അടങ്കൽ. ഇതിൽ എസ്.സി.പി.യിലെ 180,000/- രൂപമാത്രം ചെലവഴിച്ചു.

3. ലൈഫ് ഭവനപദ്ധതി - നിർമാണത്തിലിരിക്കുന്ന വീടുകളുടെ പൂർത്തീകരണം - 109/19(ജനറൽ)

മുമ്പ് ധനസഹായം ലഭിച്ചതും വീട് പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളെ ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതി ജനറൽ- 3770000/- മറ്റുള്ളവ 5402643/-രൂപ ആകെ 9172643 ൽ 370000/- (ജനറൽ) മറ്റുള്ളവ 4634650/- രൂപയും ചേർത്ത് 8404650രൂപ ചെലവഴിച്ചു.

4. ലൈഫ് ഭവനപദ്ധതി - നിർമാണത്തിലിരിക്കുന്ന വീടുകളുടെപൂർത്തീകരണം - 149/19(എസ്.ഒ.) (ജനറൽ)

മുമ്പ് ധനസഹായം ലഭിച്ചതും വീട് പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളെ ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതി ജനറൽ - 1552863/- (MG NR) 309494/- രൂപ ആകെ 1862357 രൂപയിൽ മുഴുവൻ തുകയും ചെലവഴിച്ചു.

5. ലൈഫ് ഭവനം- പൂർത്തീകരണം എസ് സി 142/19

മുമ്പ് ധനസഹായം ലഭിച്ചതും വീട് പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളെ ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതി (എസ് സി)2,90,000/- മുഴുവൻ തുകയും ചെലവഴിച്ചു.

6. ലൈഫ് ഭൂമിയുള്ള ഭവന രഹിതർക്ക് വീട് എസ് സി 143/19

എസ് സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന വേണ്ടി ആവിഷ്കരിച്ച് പദ്ധതിയിൽ എസ് സി പി വിഹിതമായി 4215000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 12,92,258/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 6,80,000/- രൂപയും വായ്പയും മറ്റുമായി 1,08,80,000/- രൂപയും ചേർത്ത് 17067258/- രൂപയാണ് അടങ്കൽ.

ഇതിൽ എസ് സി പി വിഹിതത്തിൽ 4201218/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 12,92,258/- രൂപയും ഹഡ്കോ വായ്പ 2500,000/- രൂപയും ചേർത്ത് മൊത്തം 17993476/- രൂപ ചെലവഴിച്ചു. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചിട്ടില്ല.

7. ലൈഫ് ഭവനപദ്ധതി - നിർമാണത്തിലിരിക്കുന്ന വീടുകളുടെപൂർത്തീകരണം - 150/19 (എസ്.സി) (എസ്.ഒ).

മുമ്പ് ധനസഹായം ലഭിച്ചതും വീട് പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളെ ലക്ഷ്യമാക്കി ആവിഷ്കരിച്ച സ്പിൽ ഓവർ പദ്ധതി (എസ് സി)1372258/- , മുഴുവൻ തുകയും ചെലവഴിച്ചു.

### 1-23 ഹരിത കേരളം -പദ്ധതി അവലോകനം

സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുകയെന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. ഈ ലക്ഷ്യം നേടുന്നതിനായി സംസ്ഥാന സർക്കാരിനൊപ്പം പ്രാദേശിക സർക്കാരുകളും മുന്നിൽ നിന്നും പ്രവർത്തിക്കേണ്ടതുണ്ട്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസനമിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണ് ഉള്ളത്. മാലിന്യരഹിത, കാർഷിക സമ്പന്നമായ, ജല സ്വയം പര്യാപ്തത ഉള്ള ഒരു തദ്ദേശഭരണ സ്ഥാപനം ലക്ഷ്യമായി കണ്ടാണ് ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നത്. ഇതിൽ പ്രധാനമാണ് ശുചിത്വ- മാലിന്യ സംസ്കരണം. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എ) മുതൽ 219 (യു) വരെ നിയമങ്ങൾ ഖരമാലിന്യമുൾപ്പടെയുള്ള മാലിന്യങ്ങളുടെ നിർമ്മാർജ്ജനം പ്രാദേശിക സർക്കാരുകളുടെ ചുമതലയാണെന്ന് വ്യക്തമാക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വം വ്യക്തമാക്കുന്നതോടൊപ്പം തന്നെ ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളുടെ ഉടമസ്ഥർക്കും താമസക്കാർക്കും മാലിന്യ പുറന്തള്ളുന്ന മറ്റുള്ളവർക്കുമുള്ള ഉത്തരവാദിത്തങ്ങളും വിശദമാക്കുന്നു. ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യുക, വീട്ടുവീടാന്തരമുള്ള ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യുക, ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുക, മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യം 219B,G,I,K തുടങ്ങിയ സെക്ഷനുകളിൽ വ്യക്തമാക്കുന്നു.

സ.(ഉ).11/2018/തസ്വഭവ തീ. 29.01.2018 ഖ. 7.1.6(സി).1 പ്രകാരം, ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുന:ചക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം. എല്ലാ ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പൊതുവിഭാഗം വികസനഫണ്ടിലെ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരള മിഷൻ പ്രൊജക്ടുകൾക്ക് വകയിരുത്തണം (ഇതേ ഉത്തരവിലെ ഖ. 5.4(4)). ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരാമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ വീട്ടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവു ശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്, നം. | നിർവ്വഹണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ക്ലീൻ പനങ്ങാട്-ഗ്രീൻ പനങ്ങാട് | വി.ഇ.ഒ | 4171180 | 936495 |
| 2 | ഗാർഹിക മാലിന്യ സംസ്കരണ യൂനിറ്റ്-ബയോഗാസ് പ്ലാന്റ് SO | | 461500 | 50000 |

ഗ്രാമ പഞ്ചായത്തിൽ 16 അംഗ ഹരിത കർമ സേന വിവിധ വാർഡുകളിലായി സേവനം നടത്തി വരുന്നു. അജൈവ വസ്തുക്കൾ തരം തിരിച്ച് നിശ്ചിത ഇടവേളകളിൽ കർമസേന സമാഹരിച്ച്, പഞ്ചായത്തിന്റെ ഹരിത സഹായ സ്ഥാപനം കൂടിയായ നിറവ് വേങ്ങേരി എന്ന ഏജൻസിക്ക് ടെണ്ടർ അടിസ്ഥാനത്തിൽ കൈമാറുന്നു. പഞ്ചായത്തിന്റെ ഏം സി ഏഫി ന്റെ നിർമാണം പുരോഗമിച്ചു വരുന്നു. പനങ്ങാട് ഗ്രാമ പഞ്ചായത്തിലെ 15 ാം വാർഡ് ജില്ലയിലെ ആദ്യത്തെ ഹരിത വാർഡായി 2019 ഡിസംബർ മാസത്തിൽ പ്രഖ്യാപിക്കപ്പെട്ടു. ഇത് പഞ്ചായത്ത് നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി കാണാം.

<u>കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ</u>

2018-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം താഴെപ്പറയുന്നു.

| ക്ര നം | പ്രോജ: നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക (രൂ) | ഫണ്ടുകൾ |
|---|---|---|---|---|
| 1. | 16/19 | നെൽവിത്ത് വിതരണം | 12000<br>12000 | വികസന ഫണ്ട് പൊതുവിഭാഗം, |
| 2. | 17/19 | വേനൽ വിളയായി നെൽപാടത്ത് ചെറുപയർ കൃഷി | 28500<br>28420 | വികസനഫണ്ട്<br>പൊതുവിഭാഗം |
| 3. | 18/19 | വല്ലം നിറ -പച്ചക്കറി തൈ വിതരണം | 247500<br>247500 | വികസന ഫണ്ട് പൊതുവിഭാഗം |
| 4. | 20/19 | പച്ചില വള വിത്ത് വിതരണം | 75150<br>75137 | വികസന ഫണ്ട് പൊതുവിഭാഗം |
| 5. | 33/19 | കേര സൗഭാഗ്യ-തെങ്ങിന് കുമ്മായവും ജൈവവളവും | 2612170<br>2612170 | വികസനഫണ്ട് പൊതുവിഭാഗം,<br>ഗുണഭോക്തൃവിഹിതം |
| 6. | 34/19 | സംയോജിത നെൽകൃഷി വികസനം-കൂലി ചെലവു സബ്സിഡു | 1700000<br>1700000 | വികസന ഫണ്ട് പൊതുവിഭാഗം, ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് വിഹിതം, ഗുണഭോക്തൃവിഹിതം |
| 7. | 134 | പനങ്ങാട് കൃഷി ഭവൻ- ഐ എസ് ഒ സർട്ടിഫിക്കേഷൻ | 100000<br>100000 | തനത് ഫണ്ട് |
| | | | | |

| | | | | |
|---|---|---|---|---|
| 8 | 35 | പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി | 170000<br>0 | നടന്നില്ല |

1. ആകെ വകയിരുത്തിയ 4945320 രൂ തുകയിൽ 4775227 രൂ ചെലഴിച്ചിട്ടുണ്ട്. അതായത് 96.56 ശതമാനം തുക ചെലഴിച്ചു. തുക വകയിരുത്തിയ പച്ചക്കറികൃഷിക്ക് കൂലി ചെലവ് സബ്സിഡി എന്ന പ്രോജക്ട് നടപ്പാക്കാൻ സാധിച്ചിട്ടില്ല.

2.നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഉപദൗത്യമാണ് കൃഷിയും ജലസംരക്ഷണവും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നുണ്ട്.ആയതിനാൽ ഹരിതകേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം കൈവരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുഖ്യപങ്ക് വഹിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ 29.1.2018 തിയ്യതി പുറപ്പെടുവിച്ച സ.ഉ.(കൈ)11/2018/തസ്വഭവ, ഖണ്ഡിക നമ്പർ 7.1 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

സുരക്ഷിത ഭക്ഷ്യോല്പാദനം, കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കൽ, വൻതോതിൽ തൊഴിൽ ലഭ്യമാക്കൽ, സാമ്പത്തികവളർച്ചക്ക് ഗണ്യമായ സംഭാവന നല്കൽ എന്നിവ കാർഷികമേഖലയിൽ ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നു. ബൃഹത്തായ ഈ മുന്നേറ്റങ്ങൾ കൈവരിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന ഉപോത്ബലക പ്രവർത്തനങ്ങളും ഹരിതമിഷൻ വിഭാവനം ചെയ്തിട്ടുണ്ട്.

1. പച്ചക്കറിയിലും നെൽ, പഴവർഗ്ഗങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്ന തരത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.

2. ഗാർഹിക കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും , കീടനാശിനികളുടേയും ഉപയോഗം കുറച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

3. തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക .

ഇക്കാര്യത്തിന് സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക .

4. പൊതുസ്ഥലങ്ങളിൽ വ്യാപകമായി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക. സ്ഥാപനങ്ങളിലെ പച്ചക്കറികൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക .

5. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വിപണന സംവിധാനം പരിഷ്കരിക്കുക

6. ജലസ്രോതസ്സുകളുടെ ചുറ്റും മരങ്ങൾ വളർത്തുന്നതുൾപ്പടെ കാർഷികപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

7. കൃഷി, മൃഗസംരക്ഷണം എന്നിവയെ പരസ്പരപൂരകങ്ങളായി ഏകോപിച്ചുകൊണ്ട് സംയോജിത കൃഷിരീതി.

8. നെൽകൃഷി ചെയ്യുന്ന വിസ്തൃതി വർദ്ധിപ്പിക്കുക. കരനെൽകൃഷി പ്രോത്സാഹിപ്പിക്കുക.

9. വ്യാപകമായ യന്ത്രവല്ക്കരണം പ്രാവർത്തികമാക്കുക.

10.നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, ചക്ക എന്നിവ പോലുള്ളവയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം.

2018-19 വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷന്റെ മേല്പറഞ്ഞ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് പരിപോഷിപ്പിക്കുമാറ് കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല.

തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വിപണന സംവിധാനം പരിഷ്ക്കരിക്കുക, യന്ത്രവൽക്കരണം പ്രാവർത്തികമാക്കുക. എന്നീ ലക്ഷ്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഉതകുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018–19 | 01-08-19--02-08-19 | നമ്പർ.കെ.എസ്.എ.കെ.കെ.ഡി. ഇ2/887/19(52) തി. 03-08-19 |

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 300000 | നെൽക്കൃഷി വികസനം കൂലി ചെലവ് | 300000 | 0 |
| | | 100000 | മിൽക്ക് ഇൻസന്റീവ് | 100000 | 0 |
| | | | | | |
| | | 1100311 | ലൈഫ് ഭവന നിർമാണം-ജനറൽ | 1100311 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1292258 | ലൈഫ് ഭവന നിർമാണം എസ് സി പി | 1292258 | |
| | | 225806 | ലൈഫ് ഭവന നിർമാണം ടി എസ് പി | 225806 | |
| | | 150000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | 250000 | നെൽക്കൃഷി വികസനം | 250000 | 0 |
| | | 200000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | | അങ്കണവാടി പോഷകാഹാര പദ്ധതി | | 0 |
| | | 200000 | മിൽക്ക് ഇൻസന്റീവ് | 200000 | 0 |
| | | 300000 | മിൽക്ക് ഇൻസന്റീവ്(വനിത) | 300000 | 0 |
| | | 1500000 | സ്വച്ചത ഭവൻ | 0 | 1500000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാഴോറ മല കുടിവെള്ള പദ്ധതി | 1325000<br>വൗച്ചർ നം21600912<br>തീയതി 09.02.17 | 987989 | 337011 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും, തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.നം .533/16/ എൽ.എസ്.ജി.ഡി. തിയതി 18.2.11 | 17402500 (2010-11) | 3347800 | 750000 | - | 2597800 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. എം എസ് നം 68/2018 ത.സ്വ ഭ വ തിയതി 18-05-2018 | 11847701 | 0 | 0 | | 11847701 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 326094 |
| തൻവർഷം നിക്ഷേപിച്ച തുക | 27718 |
| ആകെ | 353812 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 353812 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| സ്ഥാപനത്തിന്റെ പേര് | രശീതി നം | തുക |
|---|---|---|
| പനങ്ങാട് സർവീസ് കോ-ഓപറേറ്റീവ് ബാങ്ക് | FD No. 25252 dt. 31/03/2019 | 353812 |
| ആകെ | | 353812 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | | 2001-02 | 11.7.പേജ് 76 | വയലട പ്രാഥമികാരോഗ്യ കേന്ദ്രം- പാഴ്ച്ചെലവ് | 2006-08(11) ഖ 153 നിലവിലെ അവസ്ഥ സംമ്പന്ധിച്ച് റിപ്പോർട്ട് നൽകാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| 2001-02 | | 2002-03 | 11(3),പേജ് 114,115 | ഓട്ടുമേയൽ ധനസഹായം | 2011-14(12) ഖ.71 ഒഴിവാക്കാൻ ശുപാർശ |
| 2001-02 | | 2003-04 (മറ്റ് പരാമർശം) | 11.4,പേജ് 118 | നളന്ദ ഹെറിറ്റേജ് മ്യൂസിയം | |
| 2003-04 | 3-2 | 2006-07 പൊതു പരാമർശം) | 3.79.12.4.പേജ് 109 | കാർഷികോപകരണ വിതരണം | |
| 2014-15 | 3-18 | 2016-17 | 6B പേജ് 93 | ആശ്രയ ധനവിനിയോഗം സാധ്യമാകാത്തത് | |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4, പേജ് 188 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5, പേജ് 211 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112666367 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 122931464 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 822713 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 50000 | ശ്രീമതി. പ്രസന്ന, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-16 | 466920 | ശ്രീ. കെ. അബ്ദു റഹീം, സെക്രട്ടറി |
| 1-17 | 305793 | ശ്രീ. പി. രാധാകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**
ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 14,19 | |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 2 – {37, 38(2)} | |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 2-8, 21 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 22, 23, 24, 25, 12 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/1104/09(4) തീയതി. 02/06/2011 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/140/09 | 1-A, B, C, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 4-1, 4-2, 4-3, 4-4 | |
| | | | |

| | | | |
|---|---|---|---|
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി10/353/11 തീയതി. 11/02/2011,3/./3,11 | 1A, 1B, 1C, 1D, 1E, 2-1, 2-2, 3-1, 3-2 {1,2,3}, 3-3, 3-4, 3-5, 3-6, 3-7, 3-8 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി10/460/11 തീയതി 27/04/2011 | 1A,1B,2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 3-1, 3-2, 3-3, 3-4, 3-5(A,B),3-6 മുതൽ 3-17 വരെ, 4-3, 4-4, 4-5, 4-6, 4,7 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി10/608/12(1) തീയതി 25.04.2012 | 54 ഖണ്ഡികകൾ | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി10/1403/12 തീയതി. 30/07/2012 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി10/1166/14 തീയതി. 05/09/2013 | 1-1, 1-3, 1-6, 1-7, ഭാഗം2 (ഖണ്ഡിക 2-3, 2-6(2)എന്നിവ ഒഴികെ,) ഭാഗം 3, 4-2, 4-7 | |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി10/776/13(1) തീയതി. 18/07/2013 | 1-1, 1-6, 2-3(1), 2-4, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8(a), 3-10, 3-11, 3-12, 3-15, 3-16, 3-17, 3-18, 3-19, 4-3, 4-7 | |
| 2011-12 & 2012-13 | എൽ.എഫ്.കെ.കെ.ഡി.പി10/1038/14 തീയതി. 04/07/2014 | 2-1(1,2,3,4), 2-2(1,2,3), 2-3, 3-1,3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12,4-11 | |
| 2013-14 &2014-15 | കെ.എസ്.എ.കെ.കെ.ഡി.പി10/10170/17 തീയതി. 17/03/2018 | 2-1(1,2), 2-2, 3-1(2), 3-2(2), 3-3, 3-4, 3-6 (1,2), 3-7 (1, 2, 3, 4, 5, 6), 3-8, 3-9, 3-10 (1,2), 3-11 (1, 2, 3, 5, 6), 3-12, 3-13, 3-14, 3-15, 3-16, 3-17, 4-10 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി10/2175/2016 തീയതി 29.12.2016 | 2-3, 3-2, 3-4, 3-5, 3-6, 3-7, 3-9,3-10, 3-12, 3-15, 3-18, 4-9 | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി10/1820/2017 തീയതി 12.10.2017 | 2-1, 2-2, 2-3, 2-4 (1) (2) (3), 2-5 (1) (2) (3), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18 | |
| 2017–18 | കെ.എസ്.എ.കെ.കെ.ഡി.പി10/913/2019 തീയതി 02.12.2019 | 1-12 (3), 2-1, 2-2, 2-3, 3-1 (4), 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-16, 3-17, 3-18, 3-20 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.കെ.കെ.ഡി.പി.8/130/2020 തീയതി 05.02.2020

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 259(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളില ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരസഭാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംഭിച്ചും 22.05.2018 ലെ (സാധാ) 1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പനങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ

പത്രിക കൃത്യവും പൂർണ്ണവുമായ വിവരങ്ങൾ നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.